(ഇ) പ്രസ്തുത ശുപാർശയിന്മേൽ നടപടി വല്ലതും സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ ;

(എഫ്) സ്റ്റേറ്റ് ഫിനാൻസ് കമ്മീഷന്റെ ശുപാർശകൾ അംഗീകരിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വരുമാനം വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. ചെർക്കളം അബ്ദുള്ള) :

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിഭവ സമാഹരണം വർദ്ധിപ്പിക്കുന്നതിനുതകും വിധം വസ്തു നികുതി പരിഷ്കരണം നടത്തുന്നിനുള്ള നടപടികൾ നടന്നുവരുന്നു.

(ബി) കെട്ടിടം സ്ഥിതി ചെയ്യുന്ന പ്രദേശത്തിന്റെ പ്രാധാന്യം, റോഡിന്റെ സാമീപ്യം, കെട്ടിടത്തിന്റെ തറ വിസ്തീർണ്ണം, പഴക്കം, മേൽക്കൂരയുടെ സ്വഭാവം, തറയുടെ നിർമ്മാണത്തിനുപയോഗിച്ചിട്ടുള്ള വസ്തുക്കളുടെ ഗുണനിലവാരം എന്നിവ അടിസ്ഥാനമാക്കി വസ്തു നികുതി പരിഷ്ക്കരിക്കാനാണ് നടപടി സ്വീകരിച്ചു വരുന്നത്.

(സി) ഒന്നാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ ശുപാർശകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ഡി) രണ്ടാം ധനകാര്യ കമ്മീഷന്റെ ശുപാർശകൾ 08-01-2001-ന് ലഭിച്ചു.

(ഇ&എഫ്) രണ്ടാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ ശുപാർശകൾ സർക്കാരിന്റെ പരിഗണയിലാണ്.

## ഗവൺമെന്റ് ആശുപത്രികളിലെ രോഗികൾക്ക് ആവശ്യമായ ഭക്ഷണം വിതരണം ചെയ്യാൻ നടപടി

21 (*424) ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. എ. കെ. ബാലൻ :
ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗവൺമെന്റ് ആശുപത്രികളിൽ കിടത്തി ചികിത്സിക്കുന്ന രോഗികൾക്ക് ആവശ്യമായ ഭക്ഷണം വിതരണം നടത്തുന്നുണ്ടോ ;

(ബി) ആവശ്യമായ ഭക്ഷണം വിതരണം നടത്താത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഒരു രോഗിക്ക് ശരാശരി ആവശ്യമായ കലോറി ഭക്ഷണം എത്രയാണ് ; ഇപ്പോൾ എത്ര കലോറി ഭക്ഷണമാണ് രോഗികൾക്ക് കൊടുക്കുന്നത് ; ഇവ ഏതെല്ലാം സമയത്താണ് ;

(ഡി) ഇപ്പോൾ സൗജന്യമായി രോഗികൾക്ക് മതിയാകുംവിധം ഭക്ഷണം വിതരണം നടത്തുന്ന ഏതെല്ലാം താലൂക്ക്, ജില്ലാ ആശുപത്രികൾ കേരളത്തിലുണ്ട് ;

(ഇ) ഗവൺമെന്റ് ആശുപത്രികളിൽ രോഗികൾക്ക് ആവശ്യമായ ഭക്ഷണം കൊടുക്കുമെന്ന് ഉറപ്പുവരുത്താമോ ?

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ) :

(എ) ഉണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) സാധാരണ പ്രവർത്തിയിൽ ഏർപ്പെടുന്ന ഒരു പുരുഷന് 2800 കിലോ കലോറിയും സ്ത്രീക്ക് 2200 കിലോ കലോറിയും അടങ്ങിയ ഭക്ഷണമാണ് ആവശ്യമായിട്ടുള്ളത്. എന്നാൽ ഒരു രോഗിക്ക് ഇതിലും കുറച്ച് കലോറിയുള്ള ഭക്ഷണം മതിയാവും. 1600 കിലോ കലോറിയുള്ള ഭക്ഷണമാണ് ഇപ്പോൾ സാധാരണ ആശുപത്രികളിൽ നൽകിവരുന്നത്. ദിവസവും 11 മണിക്കാണ് ഇത് നൽകുന്നത്. എന്നാൽ സ്പെഷ്യൽ ഡയറ്റ് ഉള്ള ആശുപത്രികളിൽ (മാനസികരോഗാശുപത്രി) രാവിലെ 6 മണി, 7.30, 9.30, 10.30 എന്നീ സമയങ്ങളിലും ഉച്ചയ്ക്ക് 1 മണി, വൈകുന്നേരം 3.30, 6 മണി എന്നീ സമയങ്ങളിലും ഭക്ഷണം നൽകി വരുന്നുണ്ട്.

(ഡി) കേരളത്തിലെ താലൂക്ക് ജില്ലാ ആശുപത്രികളിൽ കിടത്തി ചികിത്സിക്കുന്ന താഴ്ന്ന വരുമാനമുള്ള രോഗികൾക്ക് റൊട്ടി, മുട്ട, പാൽ, ബിസ്കറ്റ് എന്നിവ ഉൾപ്പെടുന്ന ഭക്ഷണം നൽകിവരുന്നുണ്ട്.

(ഇ) താഴ്ന്ന വരുമാനക്കാരായ രോഗികൾക്ക് നൽകിവരുന്ന ഭക്ഷണം തുടർന്നും നൽകുന്നതാണ്.

## ശാസ്ത്ര സ്ഥാപനങ്ങൾക്ക് ധനസഹായം നേടിയെടുക്കുന്നതിന് നിലവിലുള്ള സംവിധാനം

22 (*425) ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വിവിധ ശാസ്ത്ര സ്ഥാപനങ്ങൾക്ക് പദ്ധതികൾ തയ്യാറാക്കുന്നതിനും വിവിധ ഏജൻസികളിൽ നിന്ന് ധന സഹായം നേടിയെടുക്കുന്നതിനും ഇപ്പോൾ എന്തൊക്കെ സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly